പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 3267

24.06.2013-ൽ മറുപടിക്ക്.

# ന്യായാധിപന്മാരുടെ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ ന്യായാധിപന്മാരെ നിയമിക്കുന്നത് ആരാണ് ; | : | (എ) കേരള ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ്-മജിസ്ട്രേറ്റുമാർ, ഹയർ ജുഡീഷ്യൽ സർവ്വീസിലെ ജില്ലാ ജഡ്ജിമാർ എന്നിവരെ ഹൈക്കോടതി തയ്യാറാക്കുന്ന പാനലിൽ നിന്നും സർക്കാരാണ് നിയമിക്കുന്നത്. സബ്ജഡ്ജ്/ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് തസ്തികകളിലേയ്ക്ക് മുൻസിഫ് മജിസ്ട്രേറ്റുമാരിൽ നിന്നും ഹൈക്കോടതി പ്രൊമോഷൻ നൽകി നിയമിക്കുന്നു. |
| (ബി) ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് കാലതാമസം കൂടാതെ നിയമനം നടത്തുവാൻ എന്തു സംവിധാനമാണ് നിലവിലുള്ളത് ; അത് സുതാര്യവും ഫലപ്രദവുമാണോ ; | : | (ബി) വിജ്ഞാപന തീയതിമുതൽ രണ്ട് വർഷക്കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം അടിസ്ഥാന-പ്പെടുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിയമിക്കപ്പെടുന്നതിനു മുൻപ് രണ്ടുവർഷത്തെ പരിശീലനം നൽകുന്നുണ്ട്. തെരഞ്ഞെടുപ്പിനായി സുതാര്യവും കാര്യക്ഷമവുമായ സംവിധാനം നിലവിലുണ്ട്. |
| (സി) ന്യായാധിപന്മാരുടെ നിയമനം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ ഏല്പിക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ ? | : | (സി) കാര്യക്ഷമവും സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനമുള്ളതിനാലും ഇത് സംബന്ധിച്ച് പരാതികളൊന്നും ഉയരാത്ത സാഹചര്യത്തിലും ന്യായാധിപന്മാരുടെ നിയമനം സംസ്ഥാന പബ്ലിക് കമ്മീഷനെ ഏൽപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ